## 2010 മാർച്ച് 21
## സമിയൊ ഞായർ
## വലിയ നോമ്പിലെ ആറാം ഞായർ
## മർക്കോ 10:46-52

ഫാ. ബർണാർഡ് വലിയവിള

ബർതിമേയൂസ് എന്ന അന്ധയാചകന് ക്രിസ്തു കാഴ്ചകൊടുക്കുന്ന സംഭവമാണ് ഇന്നത്തെ സുവിശേഷം വിവരിക്കുന്നത്. വി. മർക്കോസിന്റെ സുവിശേഷ ഘടനയനുസരിച്ച് സുവിശേഷത്തിന്റെ കേന്ദ്രഭാഗത്താണ് (8:27 - 10:52) ഈശോ ശിഷ്യത്വത്തെക്കുറിച്ചുള്ള പ്രബോധനം നടത്തുന്നത്. ജറുസലേമിൽ തനിക്കു സംഭവിക്കാനിരിക്കുന്ന സഹന-മരണ-ഉത്ഥാനങ്ങളെക്കുറിച്ച് ശിഷ്യന്മാരെ ബോധ്യപ്പെടുത്തുന്ന ഈശോ, തന്റെ ശിഷ്യന്മാരുടെ പാതയും ഇതുതന്നെയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. തന്റെ ജീവിതത്തെക്കുറിച്ച് ശിഷ്യന്മാർക്ക് പകർന്നു നല്കിയ ഉൾക്കാഴ്ചയെ പ്രതീകാത്മകമായി അവതരിപ്പിക്കാനാണ് സുവിശേഷത്തിന്റെ കേന്ദ്രഭാഗത്തിന്റെ രണ്ടറ്റത്തും അന്ധർക്കു കാഴ്ച നൽകുന്ന സംഭവങ്ങൾ വി. മർക്കോസ് വിവരിക്കുന്നത്. ഇതിൽ രണ്ടാമത്തെ സംഭവമാണ് മർക്കോസ് 10:46-52 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്നത്. ബർതിമേയൂസിന്റെ കഥ ഒരു ശിഷ്യത്വ വിവരണമാണ്.

ഗലീലിയിൽനിന്നു യാത്രതിരിച്ച ഈശോയും ശിഷ്യന്മാരും യൂദയാ പ്രദേശത്തെ ജറീക്കോയിലെത്തി. ആ പട്ടണത്തിൽനിന്ന് 15 മൈൽ യാത്രചെയ്താലെ ജറുസലേമിലെത്തുകയുള്ളൂ. ജറീക്കോ പട്ടണവാതിക്കൽ ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന ഒരു അന്ധൻ ഉണ്ടായിരുന്നു. ശാരീരിക കാഴ്ച ഇല്ലായിരുന്നെങ്കിലും ആന്തരിക കാഴ്ച അവനുണ്ടായിരുന്നു എന്നതിന്റെ തെളിവാണ് അവന്റെ അപേക്ഷ. “ദാവിദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമെ.” ഈശോ ദാവിദിന്റെ പുത്രനാണ്-മിശിഹായാണ് എന്ന ഉൾക്കാഴ്ച അവനുണ്ടായിരുന്നു. ദാവിദിന്റെ പുത്രനായ യേശുവേ എന്ന നിലവിളി അവന്റെ വിശ്വാസപ്രകടനമായിരുന്നു. ചുറ്റും നിന്നിരുന്നവരും മുമ്പേ പോയവരും അരുതെന്ന് വിലക്കി. എന്നാൽ അവൻ അവരെ ശ്രദ്ധിച്ചില്ല. കൂടുതൽ ഉച്ചത്തിൽ നിലവിളിച്ച് പ്രാർത്ഥിച്ചു. യേശു ആ നിലവിളി കേട്ടു. ഈശോ ഇടപെട്ടപ്പോൾ തടസ്സം ഉണ്ടാക്കിയവർതന്നെ അഭ്യുദയകാംഷികളായിതീർന്നു. “ധൈര്യമായിരിക്കുക എഴുന്നേൽക്കുക യേശു നിന്നെ വിളിക്കുന്നു” എന്നുള്ള ആശ്വാസമൊഴികളായി അവരുടെ തടസംപറച്ചിലുകൾ രൂപാന്തരപ്പെട്ടു. തടസ്സം പറയുന്നവർതന്നെ തുണയാളുകളായി മാറുന്ന വിധത്തിലാണ് യേശു അവന്റെ ജീവിതത്തിൽ ഇടപെടുക

എന്തുകൊണ്ടാണ് അവന്റെ ആദ്യ പ്രാർത്ഥനയ്ക്കും നിലവിളിക്കും കർത്താവ് ഉടനെ പ്രതികരിക്കാതിരുന്നത് എന്ന് നാം ചിന്തിക്കുന്നുണ്ടാകാം. യേശു അവന്റെ വിശ്വാസത്തെ പരീക്ഷിക്കുകയായിരുന്നു. ഉടനെ ഉത്തരം കിട്ടാതിരുന്നാൽ അവനെങ്ങനെ പ്രതികരിക്കുമെന്നറിയാനായിരിക്കാം അവിടുന്ന് ആദ്യത്തെ യാചനയോട് പ്രതികരിക്കാതിരുന്നത്. പ്രാർത്ഥനയ്ക്ക് ഉത്തരം കിട്ടാതിരുന്നാൽ ചിലർ ഉടനെ പ്രാർത്ഥന ഉപേക്ഷിക്കും. ദൈവത്തെ തള്ളിപ്പറയും. അതിനർത്ഥം അവരുടെ വിശ്വാസം ബലഹീനമാണെന്നാണ്.

മുമ്പേ പൊയ്ക്കൊണ്ടിരുന്നവർ അവനെ ശകാരിച്ച് നിശബ്ദനാക്കാൻ ശ്രമിച്ചപ്പോൾ

അവൻ കൂടുതൽ ഉച്ചത്തിൽ പ്രാർത്ഥിക്കുകയാണ് ചെയ്തത്. അവൻ നടത്തുന്ന "വിളിച്ച പേക്ഷ" സൂചിപ്പിക്കുന്നത് പ്രത്യാശയുള്ളവന്റെ ഹൃദയം തുറന്ന പ്രാർത്ഥനയാണ്. ചുറ്റു പാടുകളുടെയും ചുറ്റുമുള്ളവരുടെയും പ്രതികരണങ്ങളെക്കാൾ ഉള്ളിലുള്ളവന്റെ, മുകളി ലുള്ളവന്റെ നേരേ നോക്കി പ്രാർത്ഥിക്കുമ്പോൾ വിളിച്ചപേക്ഷ നടക്കും, അതിനുത്തരവും കിട്ടും. ഈ വിളിച്ചപേക്ഷയ്ക്ക് വേദപുസ്തകത്തിൽ പ്രസക്തിയുണ്ടെന്ന് സങ്കീർത്തനപ സ്തകം നമ്മെ പഠിപ്പിക്കുന്നു. (സങ്കീ 3:4; 4:1; 4:36, 17:6; 18:3,6). മുമ്പേപോയവരുടെയോ, പിമ്പിലുള്ളവരുടെയോ പ്രതികരണം നോക്കി നമ്മുടെ ആത്മീയജീവിതം പണിതുയർത്തി യാൽ ചിലപ്പോൾ ലോകം നമ്മെ നിരുത്സാഹപ്പെടുത്തും; നമ്മുടെ മനസ്സിടിഞ്ഞുപോ യെന്നും, ആത്മീയ ജീവിതത്തിൽ അകന്നുപോയെന്നും വരും.

വലിയ ജനക്കൂട്ടത്തിൽ നിന്നാണെങ്കിലും ഈശോ അവന്റെ വിളികേട്ടു. ഈശോ അവനെ വിളിച്ചു. ഈശോ തന്നെ വിളിക്കുന്നു എന്നു മനസ്സിലാക്കിയ അവൻ തന്റെ ഏക സമ്പാദ്യമായിരുന്ന പുറങ്കുപ്പായം ദൂരെയെറിഞ്ഞ് കുതിച്ചുചാടി യേശുവിന്റെ അടുത്തെ ത്തി. അവൻ വലിച്ചെറിഞ്ഞത് അവന്റെ യാചക വേഷമാണ്. യാചകൻ എന്ന പദത്തിൽ നിന്നും ശിഷ്യൻ എന്ന പദവിലേക്ക് അവൻ ഉയർന്നു. എല്ലാം ഉപേക്ഷിച്ച് അവിടുത്തോടു കൂടി ആയിരിക്കുവാനുള്ള സന്നദ്ധത അവൻ വെളിപ്പെടുത്തി. തന്നെ അനുഗമിക്കുവാൻ ഈശോ ധനികന് നൽകിയ ആഹ്വാനത്തോട് ഭാവാത്മകമായി പ്രതികരിച്ചത് ബർതിമേ യൂസാണ്. സെബദിപുത്രന്മാരോട് ഈശോ ചോദിച്ച അതേ ചോദ്യം ഇവിടെ ഈശോ ബെർത്തിമേയൂസിനോട് ചോദിക്കുന്നു. ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്." സെബതി പുത്രന്മാർക്ക് ക്രിസ്തുവിന്റെ രാജ്യത്തിൽ വലതുവ ശത്തും ഇടതുവശത്തും ഇരിക്കുവാനുള്ള ഭാഗ്യമാണ് ആവശ്യമെങ്കിൽ ബർത്തിമേയൂ സിന് കാഴ്ചയാണാവശ്യം. എനിക്ക് കാഴ്ച കിട്ടണം. ക്രിസ്തുവിനെ കാണാൻ, അറിയാ നുള്ള കാഴ്ച. ഇവിടെ ഒരു യാചകൻ ശിഷ്യനായി മാറുന്നു. അവന്റെ വിശ്വാസം മൂലം അവനുലഭിച്ച കാഴ്ച രക്ഷയുടെ പ്രതീകമാണ്. കാഴ്ച ലഭിച്ചയുടനെ അവൻ ജറുസലേ മിലേക്കുള്ള വഴിയിൽ ഈശോയെ അനുഗമിച്ചു എന്ന് വചനം രേഖപ്പെടുത്തിയിരിക്കു ന്നു. ശിഷ്യത്വത്തിലേക്കുള്ള വളർച്ചയിൽ കാഴ്ചയുടെ പൂർണതയാണ് നമുക്കാവശ്യം. ക്രിസ്തുവിനെ കാണാൻ, അറിയാൻ, അനുഗമിക്കാൻ നമ്മുടെ കാഴ്ച തെളിക്കണമേ എന്ന് ദൈവത്തോട് പ്രാർത്ഥിക്കണം.

*************************************